**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5312 — 23.05.2017-ൽ മറുപടിയ്ക്ക്

## താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരെ സസ്പെന്റ് ചെയ്ത നടപടി

**ചോദ്യം** — **ഉത്തരം**

**ശ്രീ. ടി.വി. ഇബ്രാഹിം**

**ശ്രീ. കെ.ടി. ജലീൽ**
**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ രണ്ട് ജീവനക്കാരെ സസ്പെന്റ് ചെയ്ത നടപടി സ്റ്റേ ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സസ്പെൻഷന് ചൂണ്ടിക്കാണിച്ച കാരണമെന്തായിരുന്നു; സ്റ്റേ ചെയ്തത് എന്തുകാരണത്താലായിരുന്നു; | (ബി) | നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി കോഴിക്കോട് ജില്ലയിലെ കെടവൂർ വില്ലേജിൽ സർവ്വേ നമ്പർ 16/1-ൽപ്പെട്ട നെൽവയൽ തണ്ണീർത്തട ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ അനുമതി അപേക്ഷയിലും രാരോത്ത് വില്ലേജിൽ റീ സർവ്വേ നമ്പർ 68/14-ൽപ്പെട്ട നെൽവയൽ തണ്ണീർത്തട ഭൂമിയിൽ 2592 ച.മീറ്റർ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിലും ഭൂമി നെൽവയൽ തണ്ണീർത്തട വിഭാഗത്തിൽപ്പെടുന്നതാണെന്ന വസ്തുത മറച്ചുവച്ച് സെക്രട്ടറിയെ തെറ്റിദ്ധരിപ്പിക്കുംവിധം കുറിപ്പെഴുതി ഫയൽ സമർപ്പിച്ചതിനും ആയത് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെയും അനുബന്ധ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെയും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും ചട്ടങ്ങളുടെയും 1967-ലെ കേരള |

| | | | |
|---|---|---|---|
| | | | ഭൂവിനിയോഗ ഉത്തരവിന്റെയും ബഹു. സുപ്രീം കോടതിയുടെ സിഎ നം.2749/15 (ആർഡിഒ ഫോർട്ട് കൊച്ചി Vs ജലജാ ദിലീപ്) എന്ന കേസിലെ 10.03.2015-ലെ വിധിന്യായത്തിന്റെയും ലംഘനമായതിനാലും രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു. സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തം സംബന്ധിച്ച് വിശദമായ പരിശോധന ഒരിക്കൽക്കൂടി നടത്തേണ്ടതുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ സർക്കാർ സ്റ്റേ ചെയ്തത്. |
| (സി) | സസ്പെൻഷൻ അനാവശ്യകാരണങ്ങളുടെ പേരിലാണെങ്കിൽ അകാരണ സസ്പെൻഷന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ**